# കേരളസർവകലാശാല

നം.പി.ആർ.251/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല നടത്തിയ ആറാം സെമസ്റ്റർ, മെയ് 2022 കരിയർ റിലേറ്റഡ് ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (മേഴ്സിചാൻസ് – 2015 & 2016 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 7 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ഫെബ്രുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഹിന്ദി (വിദൂരവിദ്യാഭ്യാസം – റെഗുലർ – 2020 അഡ്മിഷൻ, സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017 & 2018 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷ മാറ്റി

കേരളസർവകലാശാല 2022 നവംബർ 28 മുതൽ ആരംഭിക്കാനിരിക്കുന്ന രണ്ടും നാലും സെമസ്റ്റർ പി.ജി. പ്രോഗ്രാമുകളുടെ (ന്യൂജനറേഷൻ പ്രോഗ്രാമുൾപ്പെടെ) പ്രാക്ടിക്കൽ/വൈവ പരീക്ഷകൾ മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. (ന്യൂജറനേഷൻ ഡബിൾ മെയിൻ പ്രോഗ്രാമുകൾ), നവംബർ 2022 (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ) പരീക്ഷാത്തീയതി നീട്ടിവച്ചിരിക്കുന്നു. പുതുക്കിയ പരീക്ഷാ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### ടൈംടേബിൾ

കേരളസർവകലാശാല 2022 ഡിസംബർ 20 മുതൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന ബി.എ./ബി.കോം./ബി.എസ്സി. കമ്പ്യൂട്ടർസയൻസ്/ബി.എസ്സി. മാത്തമാറ്റിക്സ്/ബി.ബി.എ./ബി.സി.എ. എന്നീ വിദൂരവിദ്യാഭ്യാസ കോഴ്സുകളുടെ ഒന്നും രണ്ടും സെമസ്റ്റർ (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2017 – 2019 അഡ്മിഷൻ) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ 2018 സ്കീം ആറാം സെമസ്റ്റർ, ജൂൺ 2022 ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചുകളുടെ പ്രായോഗിക പരീക്ഷകൾ നവംബർ 29 മുതൽ നടത്തുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.എസ്‌സി. ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രായോഗിക പരീക്ഷകൾ ഡിസംബർ 1, 2, 6 തീയതികളിൽ അതാതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## മേഴ്സിചാൻസ് – ബി.ബി.എ. റീസ്ട്രക്ച്ചേർഡ്

കേരളസർവകലാശാലയുടെ 2007 സ്കീം – 2008 & 2009 അഡ്മിഷൻ ബി.ബി.എ. റീസ്ട്രക്ച്ചേർഡ് കോഴ്സിന് അനുവദിച്ചിട്ടുള്ള മേഴ്സിചാൻസ് പ്രകാരം നടത്തേണ്ട ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ പരീക്ഷകൾക്കുള്ള അപേക്ഷകൾ അതാതു കോളേജുകളിലെ പ്രിൻസിപ്പാൾമാർക്ക് ഡിസംബർ 10 – നകം നിശ്ചിത മേഴ്സിചാൻസ് ഫീസ് – പേപ്പറുകളുടെ എണ്ണം മൂന്നോ അതിൽ കുറവോ ആയാൽ 7500/– രൂപയും പേപ്പറുകളുടെ എണ്ണം മൂന്നിൽകൂടുതലാണെങ്കിൽ ഓരോ പേപ്പറിനും 2500/– രൂപയും ഒടുക്കി നൽകേണ്ടതാണ്. പരീക്ഷാത്തീയതി സംബന്ധിച്ചുള്ള വിവരങ്ങൾ അതാതു കോളേജ് പ്രിൻസിപ്പാളിൽമാരിൽ നിന്നും അറിയാവുന്നതാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2022 ഡിസംബർ 16 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ (പെയിന്റിംഗ് & സ്കൾപ്പ്ച്ചർ) പരീക്ഷകൾക്ക് പിഴകൂടാതെ ഡിസംബർ 2 വരെയും 150 രൂപ പിഴയോടെ ഡിസംബർ 6 വരെയും 400 രൂപ പിഴയോടെ ഡിസംബർ 8 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അസൈൻമെന്റ് സമർപ്പണം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗം നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ യു.ജി. പ്രോഗ്രാമുകളുടെ (ബി.എ., ബി.കോം., ബി.ബി.എ., ബി.എൽ.ഐ.എസ്‌സി. – 2021 അഡ്മിഷൻ) അസൈൻമെന്റുകൾ നവംബർ 30, ഡിസംബർ 1 തീയതികളിൽ കാര്യവട്ടം വിദൂരവിദ്യാഭ്യാസവിഭാഗത്തിൽ നേരിട്ടോ തപാൽ മുഖാന്തിരമോ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

## ഹാൾടിക്കറ്റ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം 2022 ഡിസംബർ 2 മുതൽ ആരംഭിക്കുന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം. (എസ്.ഡി.ഇ. – റെഗുലർ – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 അഡ്മിഷൻ), നവംബർ 2022 പരീക്ഷയുടെ ഹാൾടിക്കറ്റ് പ്രൊഫൈലിൽ നിന്നും വിദ്യാർത്ഥികൾക്ക് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

തിരുവനന്തപുരം,
26.11.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**